(ബി) ചോദ്യം (എ) യുടെ മറുപടിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കു പുറമേ വിൽപ്പന നികുതി വകുപ്പിലെ ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച്, കച്ചവടക്കാർ, സ്വീകരിച്ചു വരുന്ന പലതരം നികുതി വെട്ടിപ്പുകളും അന്വേഷണം നടത്തി നികുതി ഈടാക്കാനും നികുതി വെട്ടിപ്പ് തടയാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാങ്കുകൾ, പാർസൽ ആഫീസുകൾ എന്നിവ വഴി കച്ചവടക്കാർ നടത്തിയിട്ടുള്ള ഇടപാടുകളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് കച്ചവടക്കാരുടെ കണക്കുമായി ഒത്തുനോക്കി ക്രമക്കേടുകൾ കാണുകയാണെങ്കിൽ ആയതിന് പെനാൽറ്റി ഈടാക്കി വരുന്നു. ഇതുപോലെ തന്നെ അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തുള്ള കച്ചവടക്കാർ വിൽപ്പനയ്ക്കായി കൊണ്ടു വന്നിട്ടുള്ള സാധനങ്ങളുടെ വിവരങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ആവശ്യമുള്ള സാഹചര്യങ്ങളിൽ ഇന്റലിജൻസ് ആഫീസർമാർ കട പരിശോധന നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുകയും നികുതി ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കോമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ എന്ന പേരിൽ ഒരു പ്രത്യേക സെൽ കമ്മീഷണറുടെ നിയന്ത്രണത്തിൽ കള്ളക്കടത്തുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുവാനും അവ തടയുന്നതിനാവശ്യമായ നടപടികൾ എടുക്കുവാനും റെയിൽവേ വഴിയും മറ്റു ഗതാഗത മാർഗ്ഗങ്ങളിൽക്കൂടിയും കൊണ്ടു വരുന്ന സാധനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുമായി പ്രവർത്തിച്ചു വരുന്നു

(സി) ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഈ മുൻകരുതൽ നടപടികൾ പരമാവധി ഫലപ്രദമാക്കുന്നുണ്ട്.

(ഡി) ബാധകമല്ല.

(ഇ) നികുതി വെട്ടിപ്പ് തടയാനുള്ള ശക്തമായ നടപടികൾ പരമാവധി ഊർജ്ജിതമാക്കുന്നതാണ്.

കൊപ്രയുടെ താങ്ങുവില

22 (*377) ഡോ. തോമസ് ഐസക് :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊപ്രയുടെ താങ്ങുവില കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ തവണത്തേക്കാൾ എത്ര രൂപ വർദ്ധിപ്പിച്ചാണ് താങ്ങു വില നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) താങ്ങുവില നിശ്ചയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ; നാളികേരത്തിന്റെ ഉല്പാദന ചെലവ് കണക്കാക്കിയാണോ താങ്ങുവില നിശ്ചയിച്ചത് ;

(ഡി) താങ്ങുവില പ്രഖ്യാപിച്ചതിനുശേഷം എത്ര ടൺ കൊപ്ര സംഭരിച്ചിട്ടുണ്ടെന്നു അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളിൽ കൂടിയാണ് കൊപ്ര സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കുറ്റമറ്റ സംഭരണത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ജി) കൊപ്രസംഭരണത്തിൽ നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ് ; ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) നിശ്ചയിച്ചിട്ടുണ്ട്. കിന്റലിന് മില്ലിംഗ് കൊപ്രയ്ക്ക് 3320 രൂപയും ഉണ്ട കൊപ്രയ്ക്ക് 3570 രൂപയുമാണ് 2003 സീസണിൽ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) കിന്റലിന് 20 രൂപ വീതം വർദ്ധിപ്പിച്ചു.

(സി) നാളികേരത്തിന്റെ ഉല്പാദനം, ചെലവ് എന്നിവയുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും നാളികേരം ഉല്പാദിപ്പിക്കുന്ന എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് വിലയിരുത്തിയതിനുശേഷം ദേശീയ കാർഷിക വില നിർണ്ണയ കമ്മീഷൻ കേന്ദ്ര സർക്കാരിന് നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് താങ്ങുവില നിശ്ചയിക്കുന്നത്. ഇതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് കൃത്യമായി അറിയില്ല.

(ഡി) ഈ സീസണിൽ സംഭരണം ആരംഭിച്ചിട്ടില്ല. താങ്ങുവിലയേക്കാൾ കൂടുതലാണ് പലപ്പോഴും മാർക്കറ്റ് വില.

(ഇ) കേരഫെഡ്, കൺസ്യൂമർ ഫെഡ് എന്നീ ഏജൻസികളിൽ കൂടിയാണ് അവസാനം കൊപ്ര സംഭരിച്ചത്.

(എഫ്) കൊപ്ര സംഭരണം കുറ്റമറ്റതാക്കുന്നതിനും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും സൂപ്രണ്ടന്റ് ഓഫ് പോലീസ് മറൈൻ എൻഫോഴ്സ്മെന്റിന്റെ കീഴിൽ വിജിലൻസ് സെൽ പ്രവർത്തമാരംഭിച്ചിട്ടുണ്ട്.

(ജി) 2000-2001 സീസണിലെ കൊപ്ര സംഭരണത്തെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം പോലീസ് വിജിലൻസ് നടത്തിവരികയാണ്. ഇക്കാര്യത്തിൽ ഉത്തരവാദികളായ സംഘം ജീവനക്കാരുടെ മേൽ സസ്പെൻഷൻ തുടങ്ങിയ നടപടികൾ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ രജിസ്ട്രാർ സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ വന്ന ഒരു ഹർജിയിൽ കോടതി ഉത്തരവായതനുസരിച്ച് ക്രമക്കേടുകൾ സംബന്ധിച്ച് സി. ബി. ഐ. അന്വേഷണവും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly